**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2965** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വകുപ്പിന്റെ വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുന്ന അനർഹരായവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുന്ന അനർഹരായവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതായി കണ്ടെത്തുന്ന പക്ഷം, ആയതിന് ഉത്തരവാദികളായ ജീവനക്കാർക്കെതിരായി ഉചിതമായ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പട്ടികജാതിക്കാർക്കുള്ള വിവിധ പദ്ധതികളിൽ നടന്നു വരുന്ന ക്രമക്കേടുകളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതികളിൽ ക്രമക്കേടുകൾ നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം, അത്തരം ക്രമക്കേടുകളിന്മേൽ സമഗ്രമായ അന്വേഷണം നടത്തി നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ